മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ

88 (1650) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ മത്സ്യത്തൊഴിലാളികൾക്ക് എത്ര വീടുകൾ വച്ചുകൊടുത്തിട്ടുണ്ട് ;

(ബി) ഈ വീടുകൾ എവിടെയെല്ലാമാണ് നിർമ്മിച്ചത് ;

(സി) ഓരോ സ്ഥലത്തും എത്ര വീടുകൾ വീതമാണ് നിർമ്മിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വീടുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് എന്തു തുകയുടെ ചെലവ് വന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) കേന്ദ്ര ഗവൺമെന്റും മറ്റു ധനകാര്യ സ്ഥാപനങ്ങളും ഈ വീടുകളുടെ പണിക്കുവേണ്ടി എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 13,961 വീടുകളുടെ പണി പൂർത്തിയായി.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളി മേഖലകളിൽ.

(സി) വ്യക്തമാക്കാം.

1.	തിരുവനന്തപുരം	3154
2.	കൊല്ലം	1771
3.	ആലപ്പുഴ	2844
4.	പത്തനംതിട്ട	16
5.	കോട്ടയം	327
6.	എറണാകുളം	1776
7.	തൃശ്ശൂർ	729
8.	പാലക്കാട്	80
9.	മലപ്പുറം	1045
10.	കോഴിക്കോട്	1261
11.	കണ്ണൂർ	460
12.	കാസർഗോഡ്	498

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 44,71,62,000 രൂപ

(ഇ) കേന്ദ്രസർക്കാരിൽ നിന്ന് ഗ്രാന്റായി 30,35,81,000 രൂപയും, റോഡ്കോയിൽ നിന്ന് വായ്പയായി 1,54,75,000 രൂപയും ലഭിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് തുക നൽകിയതിൽ ക്രമക്കേട് നടന്നതായി പരാതി

89 (1651) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള തുക നൽകിയതിൽ എവിടെയെല്ലാം ക്രമക്കേട് നടന്നതായി പരാതി കിട്ടിയിട്ടുണ്ട് ;

(ബി) എവിടെ നിന്നെല്ലാമാണ് പരാതി കിട്ടിയിട്ടുള്ളത് ;

(സി) ഈ പരാതികളുടെ സ്വഭാവമെന്താണ് ;

(ഡി) കൊല്ലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് തുക നൽകിയതിലുണ്ടായ ക്രമക്കേട് സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പരാതികൾ എന്തെല്ലാമാണ് ;

(എഫ്) ഈ പരാതികളിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുഎന്ന് പറയുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ കത്തുകളിലൂടെയും കാസർഗോഡ് ജില്ലയിലെ അജാനൂർ കടപ്പുറത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരാതിയിലൂടെയുമാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടത്.

(സി) തിരുവനന്തപുരം ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിൽ ക്രമക്കേട് നടന്നെന്നും കൊല്ലം ജില്ലയിൽ ഒരു ഗുണഭോക്താവ് ഒന്നിൽ കൂടുതൽ പ്രാവശ്യം ഭവന നിർമ്മാണ ഗ്രാന്റ് കൈപ്പറ്റിയെന്നും, കാസർഗോഡ് ജില്ലയിൽ ഒരു ഗുണഭോക്താവിന് കട നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചുവെന്നുമാണ് പരാതികൾ.

(ഡി) ഉണ്ട്.

(ഇ) ഒരു ഗുണഭോക്താവിന് ഒന്നിലധികം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവെന്നാണ് പരാതി.

LIBRARY ARCHIVES Kerala Legislative Assembly